(എ) സംസ്ഥാനത്ത് പുതിയ കോളേജുകളും സ്കൂളുകളും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളും അനുവദിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത് ;

(സി) പ്രസ്തുത കോളേജുകളും സ്കൂളുകളും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളും ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) ഈ വർഷം ആർട്സ് ആന്റ് സയൻസ് കോളേജുകൾ ആരംഭിക്കുന്നതിനുള്ള ശുപാർശകൾ സർവ്വകലാശാലകളിൽ നിന്നും വന്നിട്ടില്ല. ഗവൺമെന്റ് തലത്തിൽ രണ്ട് എഞ്ചിനീയറിംഗ് കോളേജുകളും നാല് പോളിടെക്നിക്കുകളും കേരള യൂണിവേഴ്സിറ്റിയുടെ കീഴിൽ ഒരു എഞ്ചിനീയറിംഗ് കോളേജും ഐ.എച്ച്.ആർ.ഡി.യുടെ കീഴിൽ നാല് എഞ്ചിനീയറിംഗ് കോളേജുകളും ഒരു പോളിടെക്നിക്കും സഹകരണ മേഖലയിൽ 9 എഞ്ചിനീയറിംഗ് കോളേജുകളും ഒരു മാനേജുമെന്റ് ഇൻസ്റ്റിറ്റ്യൂട്ടും, കണ്ടിന്യൂയിംഗ് എഡ്യൂക്കേഷന്റെ കീഴിൽ ഒരു എഞ്ചിനീയറിംഗ് കോളേജും ആരംഭിക്കുവാൻ അഖിലേന്ത്യാ സാങ്കേതിക വിദ്യാഭ്യാസ കൗൺസിലിന്റെ അംഗീകാരത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. മറുപടി ലഭിച്ചിട്ടില്ല. ഐ. എച്ച്. ആർ. ഡി.യുടെ കീഴിൽ ഒരു മെഡിക്കൽ കോളേജ് തുടങ്ങുന്നതിനും ഉദ്ദേശമുണ്ട്. സംസ്ഥാനത്ത് പുതിയ സ്കൂളുകൾ ആവശ്യമുണ്ടോയെന്നകാര്യം പരിശോധിച്ചുവരികയാണ്. 287 പ്ലസ് ടു സ്കൂളുകൾ അനുവദിച്ചിട്ടുണ്ട്, ഇവയെല്ലാം ഈ വർഷം തന്നെ ആരംഭിക്കുകയും ചെയ്യും.

സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ വിദേശ മലയാളികൾക്കുള്ള സീറ്റുകളുടെ ഡൊണേഷൻ

63(483) ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വാശ്രയ മേഖലയിലെ എഞ്ചിനീയറിംഗ് കോളേജുകളിൽ വിദേശ മലയാളികൾക്കായി നീക്കിവച്ചിട്ടുള്ള സീറ്റുകൾക്ക് ഇപ്പോൾ എത്രരൂപ ഡൊണേഷനായി നിശ്ചയിച്ചിട്ടുണ്ട് ;

(ബി) സ്വാശ്രയ കോളേജുകൾ ആരംഭിച്ച സമയത്ത് ഡൊണേഷനായി നിശ്ചയിച്ചിരുന്നത് എത്ര രൂപയായിരുന്നു ;

(സി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം സ്വാശ്രയ കോളേജുകളുടെ ഫീസിനത്തിലും ഡൊണേഷൻ ഇനത്തിലും വിദേശമലയാളികൾക്കുള്ള സീറ്റുകളിൽ നിരക്കു വർദ്ധന വരുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ടെങ്കിൽ നിരക്കുകളിൽ വരുത്തിയ വർദ്ധനയുടെ വിശദവിവരം നൽകാമോ ;

(ഇ) നിരക്ക് വർദ്ധന പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് ഗവൺമെന്റിന് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ അതിന്മേൽ തീരുമാനമായിട്ടുണ്ടോ ?

ഉത്തരം

(എ) 2000 ആണ്ടിലെ പ്രോസ്പെക്ടസ് പ്രകാരം 10,000 അമേരിക്കൻ ഡോളർ.

(ബി) 5000 അമേരിക്കൻ ഡോളർ.

(സി) ഉണ്ട്.

(ഡി) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിൽ പ്രവേശിക്കപ്പെടുന്ന എല്ലാ കുട്ടികളും 1,25,000 രൂപ വാർഷിക ട്യൂഷൻഫീസ് നൽകണമെന്നും എൻ.ആർ.ഐ. വിഭാഗത്തിൽപ്പെടുന്ന കുട്ടികൾ ട്യൂഷൻഫീസിനുപുറമെ തിരിച്ച് നൽകാത്ത തുകയായി വികസന ഫണ്ടിലേയ്ക്ക് 5000 അമേരിക്കൻ ഡോളർ നൽകണമെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ 1996-97-ൽ ട്യൂഷൻഫീസ് 35,000 രൂപയായി വർദ്ധിപ്പിച്ചു. 8-7-99 ലെ സർക്കാർ ഉത്തരവ് എം.എസ് നം. 74/99 പ്രകാരം ട്യൂഷൻഫീസ് 25,000 രൂപയായി കുറച്ചു. എന്നാൽ എൻ.ആർ.ഐ. വിഭാഗം വിദ്യാർത്ഥികൾ നൽകേണ്ട വികസനഫണ്ടായ 5000 അമേരിക്കൻ ഡോളർ 2000-മാണ്ടിലെ പ്രോസ്പെക്ടസ് പ്രകാരം 10,000 അമേരിക്കൻ ഡോളറായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്) പരിശോധിച്ചുവരുന്നു.

ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിൽ നിയമനം നടത്തുവാൻ നടപടി

64(485) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിൽ നിയമനം നടത്തുന്നതിന് ഈ വർഷം അപേക്ഷ ക്ഷണിച്ചിരുന്നുവോ ;

(ബി) എങ്കിൽ ഏതൊക്കെ തസ്തികകളിൽ എത്ര ഒഴിവുകളിലേക്കാണ് അപേക്ഷ ക്ഷണിച്ചത് ;

(സി) ഓരോ തസ്തികയിലേയ്ക്കുള്ള അപേക്ഷ ഫാറത്തിന്റെ വില എത്രയായിരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly